No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശനം–2019
## വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**2019–ലെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി** കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി സ്വകാര്യ – സ്വാശ്രയ കോളേജുകളിൽ ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കോളേജുകളുടെ പേരും സർക്കാർ അംഗീകൃത ഫീസ് നിരക്കിൽ നിന്ന് അതാത് കോളേജുകൾ ഇളവ് വരുത്തിയ ഫീസ് വിവരവും ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷന് മുന്നോടിയായി ശ്രദ്ധിക്കേണ്ടതാണ്. വിവിധ കോളേജുകളിൽ ഇതിനോടകം ഓപ്ഷൻ രജിസ്ട്രേഷൻ നടത്തിയ വിദ്യാർത്ഥികൾക്ക് ഫീസ് വിവരം പരിശോധിച്ച് വേണമെങ്കിൽ ഓപ്ഷൻ പുനഃക്രമീകരിച്ച് നൽകാവുന്നതാണ്. 22.06.2017 ലെ ഉന്നത വിദ്യഭ്യാസ വകുപ്പിന്റെ സർക്കാർ ഉത്തരവ് G.O(Ms)No.166/2017/H.Edn. പ്രകാരം കത്തോലിക്ക മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടുന്നവർ value added course കൾക്കും പ്രത്യേക സൗകര്യങ്ങൾക്കുമായി പ്രതിവർഷം 10,000 രൂപ ട്യൂഷൻ ഫീസിനോടൊപ്പം ഒടുക്കേണ്ടതാണ്.

2019–20 വർഷത്തെ ഒന്നാംഘട്ട ഓപ്ഷൻ രജിസ്ട്രേഷന് റ്റാലന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ചർ കോളേജ്, മുടൂർ, ഇടപ്പാൾ, മലപ്പുറം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കോളേജിന് കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആദ്യവിജ്ഞാപനത്തിൽ ഓപ്ഷൻ രജിസ്രേട്രേഷന് ഉൾപ്പെടുത്താതിരുന്ന ആലുവ സൗത്ത് വാഴക്കുളം ഹോളി ക്രെസെന്റ് കോളേജ് ഓഫ് ആർക്കിടെക്ചർ സർക്കാർ ഉത്തരവ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ, ടി കോളേജിലേയ്ക്കും ഓപ്ഷൻ രജിസ്ട്രേഷന് നടത്താവുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

തിരുവനന്തപുരം
15.06.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**